TCPCTP/2084/2022-A2

I/69173/2022

ഭരണഭാഷ - മാതൃഭാഷ

## ചീഫ് ടൗൺപ്ലാനറുടെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം :- തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം, തിരുവനന്തപുരം- ജീവനക്കാര്യം - ശ്രീ.പ്രിൻസി.എം, സീനിയർ ക്ലർക്ക്- കെ.എസ്.ആർ ഭാഗം 1 അനുബന്ധം XII-C പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം :- 1. 30/12/2020 ലെ 83/2020/ധന നമ്പർ സർക്കുലർ.
2. ശ്രീ.പ്രിൻസി.എം, സീനിയർ ക്ലർക്കിന്റെ 26/08/2022 ലെ അപേക്ഷ.
3. പത്തനംതിട്ട ടൗൺപ്ലാനറുടെ 27/08/2022 ലെ TCPPTA/380/2022-A2 നമ്പർ കത്ത്.

==========================================================================

എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ

നമ്പർ. TCPCTP/ 2084 /2022-A2 തീയതി.16-09-2022

==========================================================================

### ഉത്തരവ്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് പത്തനംതിട്ട ജില്ലാനഗരാസൂത്രണ കാര്യാലയത്തിൽ സീനിയർ ക്ലർക്കായി സേവനമനുഷ്ഠിക്കുന്ന ശ്രീ.പ്രിൻസി.എം പരാമർശം(2) പ്രകാരം ടിയാന്റെ ഭാര്യയ്ക്ക് വിദേശത്ത് ജോലി ലഭിച്ചതിനാൽ ഭാര്യയോടൊപ്പം വിദേശത്തേക്ക് പോകുന്നതിനായി 19/09/2022 FN മുതൽ 5 വർഷ കാലയളവിലേക്കായി കെ.എസ്.ആർ ഭാഗം I അനുബന്ധം XII-C പ്രകാരമുള്ള ശൂന്യവേതനാവധി അനുവദിക്കുന്നതിന് വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ പത്തനംതിട്ട ജില്ലാ കാര്യാലയത്തിലെ സീനിയർ ക്ലർക്കായ ശ്രീ.പ്രിൻസി.എം- ന് കെ.എസ്.ആർ ഭാഗം 1 അനുബന്ധം XII-C പ്രകാരം 19/09/2022 FN മുതൽ 18/09/2027 വരെയുള്ള 5 വർഷ കാലയളവിലേക്ക് (അവധി ദിവസം 18/09/2022 മുന്നിൽ ചേർത്ത്) ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

ശ്രീ.പ്രിൻസി.എം. സീനിയർ ക്ലർക്കിന്റെ ശൂന്യവേതനാവധി കാലയളവ് വാർഷിക ഇൻക്രിമെന്റ്, സമയബന്ധിത ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി, അർദ്ധവേതനാവധി തുടങ്ങിയ സേവന ആനുകൂല്യങ്ങൾക്ക് പരിഗണിക്കുന്നതല്ല.

ടിയാൾ ശൂന്യവേതനാവധിയുടെ 5 വർഷ കാലാവധി പൂർത്തിയാകുന്ന 18/09/2027 നെ തുടർന്നുള്ള 19/09/2027 FN ൽ തിരികെ സേവനത്തിൽ പ്രവേശിക്കേണ്ടതാണ്. അല്ലാത്ത പക്ഷം പരാമർശം (1) ലെ സർക്കുലറിലെ ഖണ്ഡിക (1) ൽ പറയും പ്രകാരം അവധി അവസാനിക്കുന്ന മുറയ്ക്ക് അഥവാ 5 വർഷത്തിന് ശേഷം തിരികെ ജോലിക്ക് ഹാജരാകാതിരിക്കുന്ന പക്ഷം കെ.എസ്.ആർ.ഭാഗം 1 അനുബന്ധം XII-A ചട്ടം 9/XII C.ചട്ടം 10 പ്രകാരം അച്ചടക്ക നടപടി

I/69173/2022

സ്വീകരിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ തന്നെ മറ്റൊരു മുൻകൂർ അറിയിപ്പ് നൽകാതെതന്നെ സ്വീകരിക്കുന്നതുമാണ്.

പത്തനംതിട്ട ജില്ലാ ടൗൺപ്ലാനർ ശ്രീ.പ്രിൻസി.എം, സീനിയർ ക്ലർക്കിനെ 19/09/2022 പൂർവ്വാഹ്നം വച്ച് വിടുതൽ ചെയ്യേണ്ടതും ഉത്തരവ് ഈ കാര്യാലയത്തിൽ അയച്ചുതരേണ്ടതുമാണ്.

പ്രമോദ് കുമാർ.സി.പി
ചീഫ് ടൗൺപ്ലാനർ

ശ്രീ.പ്രിൻസി.എം, സീനിയർ ക്ലർക്ക്, (പത്തനംതിട്ട ടൗൺപ്ലാനർ മുഖാന്തിരം)

**പകർപ്പ്:-**

1. സിഎ മുഖേന ചീഫ് ടൗൺപ്ലാനർ
2. ടൗൺപ്ലാനർ പത്തനംതിട്ട
3. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
4. എ, ബി, എസ് സെക്ഷൻ സൂപ്രണ്ടുമാർ
5. എ4 സീറ്റ്
6. ~~[illegible]~~ വെബ്സൈറ്റ്
7. ഐ.റ്റി ഓഫീസർ
8. അധികം

SR13092022